# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 11.06.2013ൽ

ചോദ്യം നമ്പർ : 611 മറുപടിക്ക്.

### തിരുവനന്തപുരം- മംഗലാപുരം അതിവേഗ റെയിൽവേ ലൈൻ നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) തിരുവനന്തപുരം മുതൽ മംഗലാപുരം വരെയുള്ള അതിവേഗ റെയിൽവേ ലൈൻ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ; | (എ) | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള അതിവേഗറെയിൽ പദ്ധതിയുടെ സാധ്യത പഠന റിപ്പോർട്ട്, ഡി.എം.ആർ.സി. സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. |
| ബി) പദ്ധതിയുടെ മതിപ്പ് ചെലവ് എത്ര കോടി രൂപയാണ്; ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിനും റയിൽവേ നിർമ്മാണത്തിനും വേണ്ടി വരുന്ന തുകകൾ വിശദമാക്കാമോ; | (ബി) | പദ്ധതിയുടെ മതിപ്പ് ചെലവ് ഉദ്ദേശം 1,18000/- കോടി രൂപയാണ്. പ്രാഥമിക സാധ്യതാ പഠന റിപ്പോർട്ടനുസരിച്ച് ഉദ്ദേശം 6246.15 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിനും 72975.185 കോടി രൂപ റെയിൽവേ നിർമ്മാണത്തിനും വേണ്ടി വരുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി)പദ്ധതി ചെലവ് എന്തെല്ലാം നിലയിൽ കണ്ടെത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; പദ്ധതി പൊതുമേഖലയിലാണോ സ്വകാര്യ പങ്കാളിത്തത്തിലാണോ നടപ്പാക്കാനുദ്ദേശിക്കുന്നത്; മതിപ്പ് ചെലവിന്റെ എത്ര ശതമാനം തുക സംസ്ഥാനം കണ്ടെത്തേണ്ടതായിട്ടുണ്ട്; അത് ഏതെല്ലാം വർഷത്തിൽ സംസ്ഥാനം നൽകേണ്ടതായി വരും; ആദ്യ വർഷം പദ്ധതിക്ക് എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു; അതിന്റെ എത്ര ശതമാനം തുക ബഡ്ജറ്റിൽ വകയിരുത്തപ്പെട്ടിട്ടുണ്ട്? | (സി) | വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ ഈ കാര്യങ്ങളിൽ വ്യക്തത വരികയുള്ളൂ. |

സെക്ഷൻ ഓഫീസർ